2. റൂബെല്ലാ വാക്സിനേഷൻ- ഫെബ്രുവരി 2014-ൽ കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9-12 വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കൗമാരപ്രായക്കാരായ 2,05,000 പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സർക്കാർ എയ്ഡഡ് സി.ബി.എസ്.ഇ. & ഐ.സി.എസ്.ഇ. സ്കൂളിൽ പഠിക്കുന്ന 8 & 9 ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കുട്ടികളുടെ വൈകല്യവും വളർച്ചയുടെ വിവിധഘട്ടങ്ങളിലെ കാലതാമസവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും ഓരോ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി 14 ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ആരോഗ്യവകുപ്പിന്റെകീഴിലുള്ള സ്ഥലങ്ങളിൽ DEIC കളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

4. ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ പട്ടികപ്രകാരം 40 ഗവ. പ്രസവാശുപത്രികളിൽ കുട്ടികളുടെ ജന്മനായുള്ള കേൾവി തകരാർ കണ്ടുപിടിക്കുന്നതിനായി Oto Acoustic Emission Screeners എന്ന ഉപകരണം വാങ്ങി നൽകിയിട്ടുണ്ട്. ഇവയുടെ മേൽനോട്ടത്തിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## സാമൂഹ്യനീതിവകുപ്പിൽനിന്നുള്ള ആനുകൂല്യങ്ങൾ

276 (4892) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പിൽനിന്നും ഏതെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ഇനത്തിലും എത്ര രൂപവീതം കുടിശ്ശിക നിലവിലുണ്ട് ;

(സി) ഏത് വർഷംവരെയുള്ള അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സാമൂഹ്യനീതിവകുപ്പിൽനിന്നും വൈപ്പിൻ മണ്ഡലത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഏതൊക്കെ ആവശ്യത്തിന് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വികലാംഗ പെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, മിശ്ര വിവാഹിതർക്കുള്ള ധനസഹായം,വികലാംഗ ദുരിതാശ്വാസ പദ്ധതി, അഗതി (വിധവ) പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സാമൂഹ്യനീതിവകുപ്പിന്റെകീഴിലുള്ള വിവിധ സ്ഥാപനങ്ങൾ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

<u>കേരള സാമൂഹ്യസുരക്ഷാ മിഷൻ</u>:

- ആശ്വാസകിരണം പദ്ധതി
- സ്നേഹസ്പർശം പദ്ധതി
- സ്നേഹസാന്ത്വനം പദ്ധതി
- എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധന സഹായ പദ്ധതി
- സ്നേഹപൂർവ്വം പദ്ധതി
- സമാശ്വാസം പദ്ധതി
- വൃക്ക/കരൾ മാറ്റിവച്ചവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി
- സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി.

<u>ഓർഫനേജ് കൺട്രോൾ ബോർഡ്</u>:

- അനാഥാലയങ്ങൾക്കുള്ള ധനസഹായം
- ഓൾഡ് ഏജ് ഹോമുകൾക്കുള്ള ധനസഹായം
- ബെഗ്ഗർ ഹോമുകൾക്കുള്ള ധനസഹായം
- വിഭിന്നശേഷിയുള്ളവർക്കുള്ള ധനസഹായം
- മനോരോഗികളെ സംരക്ഷിക്കാനുള്ള ഭവനങ്ങളുടെ ധനസഹായം
- അനാഥാലയങ്ങളിലെ കുട്ടികൾക്കുള്ള ഉന്നത പഠനത്തിനുള്ള ധനസഹായം
- അനാഥാലയങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായുള്ള ധനസഹായം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സാമൂഹ്യസുരക്ഷാമിഷനിൽ ലഭിച്ച അപേക്ഷകളിൽ സ്നേഹപൂർവ്വം പദ്ധതി, ആശ്വാസകിരണം പദ്ധതി എന്നിവ ഒഴികെയുള്ള ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളിൽ 2013-14 വർഷം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിൽ 2013-14 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly